**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 45** **28-01-2026 - ൽ മറുപടിയ്ക്ക്**

**എൻവയോൺമെന്റൽ സോഷ്യൽ ആൻഡ് ഗവേണൻസ് പോളിസി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ. ടി. ജലീൽ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | 2023-ൽ പുറത്തിറക്കിയ വ്യവസായ നയത്തിന്റെ തുടർച്ചയായി പ്രഖ്യാപിച്ച ഉപമേഖലാ നയങ്ങളും ചട്ടക്കൂടുകളും സംസ്ഥാനത്തെ നിലവിലെ വ്യവസായ സൗഹൃദാന്തരീക്ഷം കൂടുതൽ മെച്ചപ്പെടുത്തുമോയെന്ന് വിശദമാക്കാമോ; | (എ) | 2023-ൽ പുറത്തിറക്കിയ സംസ്ഥാന വ്യവസായ നയത്തിന്റെ തുടർച്ചയായി പ്രഖ്യാപിച്ച ഉപമേഖലാ നയങ്ങളും ചട്ടക്കൂടുകളും സംസ്ഥാനത്തെ നിലവിലെ വ്യവസായ സൗഹൃദാന്തരീക്ഷം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് സഹായകരമാണ്. നിക്ഷേപ സൗകര്യങ്ങൾ ലളിതമാക്കുക, അനുമതി നടപടികൾ വേഗത്തിലാക്കുക, മേഖലാപരമായ പ്രത്യേക ആവശ്യങ്ങൾ പരിഗണിച്ച് നയപിന്തുണ നൽകുക എന്നീ ലക്ഷ്യങ്ങളോടെയാണ് ഈ ഉപമേഖലാ നയങ്ങൾ രൂപീകരിച്ചിരിക്കുന്നത്. ഇതുവഴി നിക്ഷേപക വിശ്വാസം വർധിക്കുകയും, പുതിയ നിക്ഷേപങ്ങൾ ആകർഷിക്കപ്പെടുകയും, സംസ്ഥാനത്ത് വ്യവസായ വളർച്ച കൂടുതൽ ശക്തിപ്പെടുകയും ചെയ്യും. |
| (ബി) | ഉപമേഖലാ നയങ്ങളുടെയും ചട്ടക്കൂടുകളുടെയും ഭാഗമായി രാജ്യത്താദ്യമായി ഇ. എസ്. ജി.നയം (എൻവയോൺമെന്റൽ സോഷ്യൽ ആൻഡ് ഗവേണൻസ് പോളിസി) രൂപീകരിക്കുവാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. 2023-ലെ സംസ്ഥാന വ്യവസായ നയത്തിന്റെ തുടർച്ചയായി ഉപമേഖലാ നയങ്ങളും ചട്ടക്കൂടുകളും രൂപപ്പെടുത്തുന്നതിനോടൊപ്പം, രാജ്യത്താദ്യമായി പരിസ്ഥിതി–സാമൂഹിക–ഭരണ (Environmental, Social and Governance – ESG) നയം രൂപീകരിക്കാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. സുസ്ഥിരവും ഉത്തരവാദിത്വപരവുമായ വ്യവസായ വളർച്ച ഉറപ്പാക്കുന്നതിനായി രൂപപ്പെടുത്തിയ ഈ നയം പരിസ്ഥിതി സംരക്ഷണം, സാമൂഹിക നീതി, മികച്ച ഭരണപരിപാടികൾ എന്നീ മൂന്ന് തൂണുകളെ ആധാരമാക്കുന്നതാണ്.<br><br>പരിസ്ഥിതി മേഖലയിൽ കാർബൺ ഉത്സർജനം കുറയ്ക്കൽ, പുനരുപയോഗ ഊർജ്ജത്തിലേക്ക് മാറ്റം, 2040-ഓടെ 100% പുനരുപയോഗ ഊർജ്ജ സംസ്ഥാനമാകുക, 2050-ൽ കാർബൺ ന്യൂട്രാലിറ്റി കൈവരിക്കുക തുടങ്ങിയ ദീർഘകാല ലക്ഷ്യങ്ങൾ നയം മുന്നോട്ടുവെക്കുന്നു. സാമൂഹിക മേഖലയിൽ |

| | | | |
|---|---|---|---|
| | | | ഉൾക്കൊള്ളുന്ന തൊഴിൽ, വനിതാ പങ്കാളിത്ത വർധന, തൊഴിൽ സുരക്ഷ, സാമൂഹിക ക്ഷേമം എന്നിവയ്ക്കാണ് പ്രാധാന്യം. ഭരണപരമായി സുതാര്യത, ഉത്തരവാദിത്വം, അഴിമതിവിരുദ്ധ സമീപനം, ESG റിപ്പോർട്ടിംഗ് സംവിധാനങ്ങൾ എന്നിവ നയത്തിന്റെ ഭാഗമാണ്.<br><br>ഇതോടൊപ്പം “KERALA – Pioneer ESG State” എന്ന ബ്രാൻഡിംഗിലൂടെ സംസ്ഥാനത്തെ ആഗോള ESG നിക്ഷേപ കേന്ദ്രമായി സ്ഥാനപ്പെടുത്തുന്നതിനും, നികുതി ആനുകൂല്യങ്ങൾ, ഗ്രീൻ സബ്സിഡി, സർക്കാർ വാങ്ങലുകളിൽ മുൻഗണന, KSIDC വഴിയുള്ള ധനസഹായങ്ങൾ എന്നിവയിലൂടെ സംരംഭങ്ങളെ ESG അനുസൃതമാക്കുന്നതിനുമാണ് നയം ലക്ഷ്യമിടുന്നത്. ഇതുവഴി കേരളത്തിലെ വ്യവസായ സൗഹൃദാന്തരീക്ഷം ഗുണപരമായി കൂടുതൽ ശക്തിപ്പെടുത്തുകയാണ് ഉദ്ദേശ്യം. |
| (സി) | സാങ്കേതികവിദ്യയും ഗവേഷണ-വികസനവും അടിസ്ഥാനമാക്കി വിജ്ഞാനാധിഷ്ഠിത വ്യവസായവൽക്കരണത്തിന് ഉതകുന്ന ഏതെല്ലാം നിർദ്ദേശങ്ങളാണ് ഇതിന്റെ ഭാഗമായി മുന്നോട്ട് വച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | സാങ്കേതികവിദ്യയും ഗവേഷണ–വികസനവും (R&D) അടിസ്ഥാനമാക്കി വിജ്ഞാനാധിഷ്ഠിത വ്യവസായവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി നിരവധി നിർദ്ദേശങ്ങളാണ് മുന്നോട്ട് വച്ചിട്ടുള്ളത്. ഗവേഷണ സ്ഥാപനങ്ങൾ, സർവകലാശാലകൾ, വ്യവസായങ്ങൾ എന്നിവ തമ്മിലുള്ള സഹകരണം ശക്തിപ്പെടുത്തി ഇൻഡസ്ട്രി–അക്കാദമിയ–റിസർച്ച് ഇക്കോസിസ്റ്റം രൂപപ്പെടുത്തുന്നതിനാണ് പ്രധാന ഊന്നൽ. ആർ & ഡി അടിസ്ഥാന സൗകര്യങ്ങൾ, കോമൺ റിസർച്ച് ഫെസിലിറ്റികൾ, ടെസ്റ്റ് ബെഡുകൾ, പ്രോട്ടോടൈപ്പിംഗ് കേന്ദ്രങ്ങൾ എന്നിവ വികസിപ്പിക്കുന്നതിലൂടെ ആശയങ്ങളെ വിപണിയിലേക്ക് വേഗത്തിൽ എത്തിക്കാൻ സഹായകമാകുന്നു.<br><br>എ.ഐ., ഗ്രാഫീൻ, ബയോടെക്, ഡിജിറ്റൽ സാങ്കേതികതകൾ, ഹൈടെക് മാനുഫാക്ചറിംഗ്, ഇൻഡസ്ട്രി 4.0 തുടങ്ങിയ ഉയർന്ന സാങ്കേതിക മേഖലകളിൽ നിക്ഷേപം ആകർഷിക്കുന്നതിനൊപ്പം സ്റ്റാർട്ടപ്പുകൾക്കും ഇന്നവേഷൻ അധിഷ്ഠിത സംരംഭങ്ങൾക്കും ഇൻക്യുബേഷൻ, ഫണ്ടിംഗ്, മെന്ററിംഗ്, വിപണിയിലേക്കുള്ള പ്രവേശനം തുടങ്ങിയ പിന്തുണകളും നൽകുന്നു. ബൗദ്ധികസ്വത്ത് അവകാശ സംരക്ഷണം, പേറ്റന്റ് പിന്തുണ, ടെക്നോളജി ട്രാൻസ്ഫർ സംവിധാനങ്ങൾ എന്നിവയിലൂടെ ഗവേഷണ ഫലങ്ങളെ വ്യാപാരവത്കരിക്കുന്നതും നയത്തിന്റെ ഭാഗമാണ്.<br><br>ഇതോടൊപ്പം, ESG മാനദണ്ഡങ്ങൾ പാലിക്കുന്ന സുസ്ഥിര സാങ്കേതിക വികസനത്തിനും ഭാവി |

| | | | |
|---|---|---|---|
| | | | സജ്ജമായ നൈപുണ്യ വികസനത്തിനുമുള്ള നടപടികൾ ഉൾപ്പെടുത്തി കേരളത്തെ ഒരു വിജ്ഞാനാധിഷ്ഠിതവും നവീകരണാധിഷ്ഠിതവുമായ വ്യവസായ കേന്ദ്രമായി വികസിപ്പിക്കുകയാണ് ലക്ഷ്യം. |
| (ഡി) | ഹൈടെക് മാനുഫാക്ചറിംഗ് പാർക്കുകളുടെയും ഇന്നവേഷൻ ക്ലസ്റ്ററുകളുടെയും നിർമ്മാണത്തിന് മുൻഗണന നൽകുന്നതിനായി നയപരിപാടി രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | സംസ്ഥാനത്ത് ഹൈടെക് മാനുഫാക്ചറിംഗ് പാർക്കുകളുടെയും ഇന്നവേഷൻ ക്ലസ്റ്ററുകളുടെയും വികസനത്തിന് മുൻഗണന നൽകുന്നതിനായി സർക്കാർ "കേരള ഹൈടെക് മാനുഫാക്ചറിംഗ് ഫ്രെയിംവർക്ക്" എന്ന പ്രത്യേക നയപരിപാടി രൂപീകരിച്ചിട്ടുണ്ട്. വിജ്ഞാനാധിഷ്ഠിതവും സാങ്കേതിക മുന്നേറ്റം കൈവരിക്കുന്നതുമായ വ്യവസായവൽക്കരണം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ ഫ്രെയിംവർക്ക് ആവിഷ്കരിച്ചിരിക്കുന്നത്. ഇതിന്റെ ഭാഗമായി ഇലക്ട്രോണിക്സ്, സെമികണ്ടക്ടർ & EMS, അഡ്വാൻസ്ഡ് മെറ്റീരിയൽസ്, ഗ്രാഫീൻ, ബയോടെക്, മെഡിക്കൽ ഡിവൈസസ്, ഇലക്ട്രിക് വാഹനങ്ങൾ, റോബോട്ടിക്സ്, എയ്റോസ്പേസ് & ഡിഫൻസ്, ഇൻഡസ്ട്രി 4.0 അധിഷ്ഠിത ഉൽപ്പാദനം തുടങ്ങിയ ഉയർന്ന മൂല്യവർധിത മേഖലകളിൽ ഹൈടെക് മാനുഫാക്ചറിംഗ് പാർക്കുകളും ക്ലസ്റ്ററുകളും വികസിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്.<br><br>കൂടാതെ, ലോകോത്തര അടിസ്ഥാന സൗകര്യങ്ങൾ, പ്ലഗ്-ആൻഡ്-പ്ലേ ഫാക്ടറി ഷെഡുകൾ, കോമൺ റിസർച്ച് & ടെസ്റ്റിംഗ് സൗകര്യങ്ങൾ, ഡിസൈൻ–പ്രോട്ടോടൈപ്പിംഗ് കേന്ദ്രങ്ങൾ, ലോജിസ്റ്റിക്സ് പിന്തുണ, സിംഗിൾ വിൻഡോ അനുമതി സംവിധാനങ്ങൾ എന്നിവയോടെ സമഗ്രമായ വ്യവസായ പരിസ്ഥിതി സൃഷ്ടിക്കുന്നതും നയത്തിന്റെ ഭാഗമാണ്. അക്കാദമിയ–വ്യവസായ–സ്റ്റാർട്ടപ്പ് സഹകരണത്തിലൂടെ ഇന്നവേഷൻ ക്ലസ്റ്ററുകൾ വികസിപ്പിക്കുകയും, ആഭ്യന്തരവും വിദേശവുമായ നിക്ഷേപങ്ങൾ ആകർഷിച്ച് കേരളത്തെ ഒരു ഹൈടെക് മാനുഫാക്ചറിംഗ് ഹബ്ബായി ഉയർത്തുകയും ചെയ്യുന്നതാണ് ഈ നയപരിപാടിയുടെ ലക്ഷ്യം. |

സെക്ഷൻ ഓഫീസർ